ഭരണഭാഷ - മാതൃഭാഷ

നം: എം 2/8729/2026/ഡി ജി ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
ഇ-മെയിൽ : secret.dge@kerala.gov.in

## വിജ്ഞാപനം

സ്വാശ്രയ മേഖലയിലെ " ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യൂക്കേഷൻ " **(ഡി. എൽ. എഡ്. – D. El. Ed.)** കോഴ്സിന് **2026 - 2028** അദ്ധ്യായന വർഷത്തേക്ക്, താഴെപ്പറയുന്ന യോഗ്യതയുള്ളവരിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു. ജി. ഒ ( എം. എസ്) നം. 291/2004/പൊ. വി. വ., തീയതി: 14-04-2004 പ്രകാരം സ്വാശ്രയ മേഖലയിലെ ടീച്ചർ ട്രെയിനിംഗ് കോഴ്സിലേക്ക് പ്രവേശനത്തിനായി സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തു നിലവിലുള്ള " ഡിപ്ലോമ ഇൻ എഡ്യൂക്കേഷൻ" (ഡി.എഡ്) കോഴ്സിന്റെ പേര് "ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യൂക്കേഷൻ" (ഡി.എൽ.എഡ്) എന്നു മാറ്റി പുനർനാമകരണം ചെയ്യുകയും എൽ. പി./ യു. പി. അദ്ധ്യാപക വിദ്യാഭ്യാസത്തിന്റെ ഘടനയും സ്വഭാവവും പാഠ്യപദ്ധതിയിലും 2018 – 2019 അദ്ധ്യായന വർഷം മുതൽ സ. ഉ (സാധാ) നം. 1700/2018/പൊ.വി.വ., തീയതി: 05-05-2018 പ്രകാരം പരിഷ്കരിച്ചും ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. (സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്). നാല് സെമസ്റ്ററുകളിലായി രണ്ടു വർഷമാണ് കോഴ്സിന്റെ കാലാവധി.

**തെരഞ്ഞെടുപ്പ് രീതി**

ഓരോ മീഡിയത്തിനും അനുവദിക്കപ്പെട്ട 50 സീറ്റിൽ 50% ഓപ്പൺ മെരിറ്റും 50% മാനേജ്മെന്റ് ക്വാട്ടയുമായിരിക്കും.

**ഫീസ് ഘടന**

മെറിറ്റ് വിഭാഗം വിദ്യാർത്ഥികളുടെ വാർഷിക ഫീസ് 30,000/- (മുപ്പതിനായിരം രൂപ മാത്രം) രൂപയും മാനേജ്മെന്റ് ക്വാട്ടാ വിദ്യാർത്ഥികളുടെ വാർഷിക ഫീസ് 35,000/- (മുപ്പത്തി അയ്യായിരം രൂപ മാത്രം) രൂപയും ആണ്. പ്രസ്തുത തുക ഓരോ വർഷവും രണ്ടു ഗഡുക്കളായി അടയ്ക്കേണ്ടതാണ്.

**യോഗ്യതകൾ**

അപേക്ഷകർ താഴെ പറയുന്ന ഏതെങ്കിലും പരീക്ഷയിൽ ചുരുങ്ങിയത് 50 ശതമാനം മാർക്ക് നേടിയിരിക്കണം.

1. കേരളത്തിലെ ഹയർസെക്കന്ററി പരീക്ഷാ ബോർഡ് നടത്തുന്ന ഹയർ സെക്കന്ററി പരീക്ഷ അല്ലെങ്കിൽ തത്തുല്യമായി കേരള സർക്കാർ അംഗീകരിച്ചിട്ടുള്ള പരീക്ഷ.
2. +2 വിന് പകരം മറ്റ് തത്തുല്യ കോഴ്സുകൾ പഠിച്ചിട്ടുള്ളവർ പ്രസ്തുത സർട്ടിഫിക്കറ്റ് +2 വിന് തുല്യമാണെന്ന് തെളിയിക്കുന്ന തുല്യതാസർട്ടിഫിക്കറ്റ് കൂടി അപേക്ഷയോടൊപ്പം

സമർപ്പിക്കേണ്ടതാണ്.

3. കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റി നടത്തുന്ന പ്രീഡിഗ്രി അല്ലെങ്കിൽ തത്തുല്യമായി അംഗീകരിച്ചിട്ടുള്ള പരീക്ഷ.
4. ആകെയുള്ള സീറ്റുകളിൽ സയൻസ് വിഭാഗത്തിന് 40 ശതമാനം, ഹ്യൂമാനിറ്റിസ് വിഭാഗത്തിന് 40 ശതമാനം, കോമേഴ്സ് വിഭാഗത്തിന് 20 ശതമാനം എന്നിങ്ങനെ നിജപ്പെടുത്തിയിരിക്കുന്നു.

<u>മറ്റു വ്യവസ്ഥകൾ</u>

1. യോഗ്യത പരീക്ഷ പാസ്സാകാൻ മൂന്ന് ചാൻസിൽ കൂടുതൽ എടുത്തിട്ടുള്ളവർ ഈ കോഴ്സിന് അപേക്ഷിക്കുവാൻ അർഹത ഉണ്ടായിരുക്കുന്നതല്ല. ഇക്കാര്യത്തിൽ ' സേ ' (സേവ് എ ഇയർ) പരീക്ഷ എഴുതിയിട്ടുള്ളതും ചാൻസായി പരിഗണിക്കുന്നതാണ് ( സർക്കാർ കത്ത് നം. 31480/ഡി3/10/പൊ. വി. വ തീയതി. 29.5.2010) സ. ഉ. (സാധാ) നമ്പർ 3950/2011/പൊ.വി. വ. തീയതി 15-09-2011 പ്രകാരം മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് യോഗ്യതാ പരീക്ഷയ്ക്ക് നിശ്ചയിച്ച മാർക്കിൽ അഞ്ച് ശതമാനം ഇളവ് അനുവദിക്കുന്നതാണ്. പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മാർക്കിന്റെയും ചാൻസിന്റെയും പരിധി ബാധകമല്ല. (15.09.2011 ലെ സ. ഉ. (സാധാ) നമ്പർ. 3950/2011/പൊ.വി.വ.).
2. അപേക്ഷകർ 01/07/2026 ൽ 17 വയസ്സിൽ കുറവുള്ളവരോ 33 വയസ്സിൽ കൂടുതലുള്ളവരോ ആകാൻ പാടടുള്ളതല്ല. ഉയർന്ന പ്രായപരിധിയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ 5 വർഷവും സർക്കാർ ഉത്തരവ്(അച്ചടി) നം 20/2025/G.Edn തീയതി. 07/07/2025 പ്രകാരം ഭിന്നശേഷി വിഭാഗങ്ങൾ 5 വർഷവും, മറ്റ് പിന്നോക്ക വിഭാഗങ്ങൾക്ക് 3 വർഷവും വിമുക്ത ഭടൻമാർക്ക് അവരുടെ സൈനിക സേവനത്തിന്റെ കാലയളവും ഇളവ് നൽകുന്നതാണ്. നേരത്തെ അദ്ധ്യാപകനായി അംഗീകാരം ലഭിച്ചിട്ടുള്ള അപേക്ഷകർക്ക് അവരുടെ അദ്ധ്യാപക സേവന കാലയളവ് ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്നതിന് കണക്കാക്കുന്നതാണ്..
3. ജില്ലയിലെ മെരിറ്റ് ക്വാട്ടയിലെ സീറ്റിലേക്കുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ അതാത് വിദ്യാഭ്യാസ ഉപഡയറക്ടർ നിലവിലുള്ള സംവരണ വ്യവസ്ഥകൾക്ക് വിധേയമായി നടത്തുന്നതാണ്. എന്നാൽ 50 ശതമാനം മാനേജ്മെന്റ് ക്വാട്ട
അതാത് വിദ്യാഭ്യാസ സ്ഥാപനാടിസ്ഥാനത്തിൽ മാനേജർമാർക്ക് നടത്താവുന്നതാണ്.
4. വിമുക്ത ഭടൻമാർക്ക് ഓരോ റവന്യൂ ജില്ലയിലും മെരിറ്റ് ക്വാട്ടയിലുള്ള ആകെ സീറ്റിന്റെ 2%നീക്കി വച്ചിട്ടുണ്ട്. അതിലേക്ക് ബന്ധപ്പെട്ടവർ നിശ്ചിത രീതിയിൽ അപേക്ഷിക്കേണ്ടതാണ്. ഈ സീറ്റുകളിൽ വേണ്ടത്ര അപേക്ഷകളില്ലെങ്കിൽ ബാക്കിയുള്ള സീറ്റുകളിലേക്ക് സൈനിക സേവനത്തിൽ കുറഞ്ഞത് 5 വർഷത്തെ സർവ്വീസിനു ശേഷം പിരിഞ്ഞുപോയവരുടെ ഭാര്യമാരേയും അവിവാഹിതരായ മക്കളേയും തെരഞ്ഞെടുക്കാവുന്നതാണ്. അതിലേക്ക്

അർഹതപ്പെട്ടവർ ആവശ്യമായ സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം നിശ്ചിത രീതിയിൽ അപേക്ഷിക്കേണ്ടതാണ്.

5. തങ്ങളുടെ നിയന്ത്രണത്തിനതീതമായി 5 കൊല്ലം തികയാതെ തന്നെ സേവനത്തിൽ നിന്നും പിരിഞ്ഞു പോകേണ്ടിവരികയോ മരിക്കുകയോ ചെയ്ത ഭടൻമാരുടെ ഭാര്യമാർക്കും അവിവാഹിതരായ മക്കൾക്കും മുകളിൽ കാണിച്ച രണ്ട് വിഭാഗങ്ങളിൽ അർഹരായ അപേക്ഷകരില്ലെങ്കിൽ ഈ സീറ്റുകൾ നൽകുന്നതാണ്.
6. മുകളിൽ സൂചിപ്പിച്ച (4,5 ഖണ്ഡികകൾ) ജവാൻമാരോ പട്ടാളത്തിൽ നിന്നും പിരിഞ്ഞ് പോയവരോ അപേക്ഷകനുമായുള്ള ബന്ധം തെളിയിക്കുന്നതിന് തഹസിൽദാരിൽ നിന്നുള്ള സർട്ടിഫിക്കറ്റിന്റേയോ ജില്ലാ സൈനിക ക്ഷേമ ബോർഡ് ഓഫീസറുടെ സർട്ടിഫിക്കറ്റിന്റേയോ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൂടി ഹാജരാക്കേണ്ടതാണ്.
7. മേൽ പ്രസ്താവിച്ച സീറ്റുകളിലേക്ക് വേണ്ടത്ര അർഹതയുള്ള അപേക്ഷകരില്ലെങ്കിൽ ബാക്കി വരുന്ന സീറ്റുകളിൽ അർഹതയുള്ള മറ്റു വിഭാഗത്തിന്റെ അപേക്ഷകൾ പരിഗണിക്കുന്നതാണ്.
8. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗം വിദ്യാർത്ഥികൾക്ക് നാല് ശതമാനം സീറ്റ് നീക്കിവച്ചിട്ടുണ്ട്. അതിലേക്ക് അർഹതയുള്ളവർ ആവശ്യമായ സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ കൂടി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. (ജി.ഒ. എം. എസ്) 38/81/ജി. എഡ്യൂ. തീയതി. 27.02.1981).
9. 10% സീറ്റുകൾ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മുന്നാക്ക വിഭാഗങ്ങൾക്ക് സംവരണം ചെയ്തിട്ടുണ്ട്. സംവരണം നടപ്പിലാക്കുമ്പോൾ ജനറൽ മെരിറ്റ് ക്വാട്ടയിൽ കുറവ് വരാതിരിക്കാൻ നിലവിൽ അനുവദിച്ചിട്ടുള്ള സീറ്റുകൾക്ക് പുറമേയാണ് 10% സീറ്റുകൾ അധികമായി അനുവദിക്കേണ്ടത്. എല്ലാ സ്ഥാപനങ്ങളും ഇത്തരം സീറ്റുകൾ മാറ്റി വയ്ക്കേണ്ടതാണ്. അപേക്ഷകരുടെ ഓപ്ഷൻ അനുസരിച്ച് E W S സീറ്റുകൾ അതാത് സ്ഥാപനങ്ങളിൽ വിദ്യാഭ്യസ ഉപഡയറക്ടർമാർ നികത്തേണ്ടതാണ്.

   സ്പോർട്സ് ക്വാട്ടയിൽ ഓരോ ജില്ലയിലും 25 ൽ കൂടുതൽ മെരിറ്റ് ക്വാട്ട സീറ്റുകൾ ലഭ്യമാണെങ്കിൽ ഓരോ 50 സീറ്റിനും ഓരോ സീറ്റ് വീതം സ്പോർട്സ് താരങ്ങൾക്കായി നീക്കിവയ്ക്കേണ്ടതാണ്. അവരുടെ അപേക്ഷകൾ സ്പോർട്സ് കൌൺസിൽ സ്വീകരിച്ച് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക് പരിഗണനയ്ക്കായി അയച്ചു കൊടുക്കേണ്ടതാണ് .

10. അപേക്ഷകർ സർട്ടിഫിക്കറ്റുകളുടെ ഒറിജിനൽ ഇന്റർവ്യൂ സമയത്ത് അതാത് സെന്ററുകളിൽ ഹാജരാക്കേണ്ടതാണ്.
11. സർക്കാർ ഉത്തരവ് നമ്പർ ( സാ.ധാ 773/93/ഉ. പി തീയതി 10.05.1993 പ്രകാരം മെരിറ്റ് ക്വാട്ടയിൽ എൻ. സി. സി കേഡറ്റുകൾക്ക് 10 മാർക്ക് വെയിറ്റേജ് നൽകുന്നതാണ്. എൻ. സി. സി ഡയറക്ടറേറ്റിൽ നിന്നും ഇത് സംബന്ധിച്ച് നൽകുന്ന വെയിറ്റേജ് സർട്ടിഫിക്കറ്റ് ഉള്ളവർക്ക് മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു.

12. ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സിന്റെ രാജ്യപുരസ്കാർ അല്ലെങ്കിൽ രാഷ്ട്രപതി പുരസ്കാർ നേടിയിട്ടുള്ളവർക്ക് മെരിറ്റ് ക്വാട്ടയിൽ ഡി. എൽ. എഡ് പ്രവേശനത്തിന് മുൻഗണന നൽകുന്നതാണ്(27.05.1975 ലെ ജി. ഒ (എം.എസ്) 122/75/പൊ.വി.)
13. എൻ.എസ്.എസ്. – ന്റെ നാഷണൽ ക്യാമ്പിലെ റിപ്പബ്ലിക് ദിന ക്യാമ്പിലോ പങ്കെടുത്തിട്ടുള്ള എൻ. എസ്. എസ് വോളണ്ടിയർമാർക്ക് 11.10.2011 – ലെ സ. ഉ. ( എം.എസ്) നമ്പർ 206/2011/പൊ.വി. ഉത്തരവിലെ വ്യവസ്ഥ പ്രകാരം ഡി. എൽ.എഡ് കോഴ്സ് പ്രവേശനത്തിന് മുൻഗണന നൽകുന്നതാണ്.
14. ജി. ഒ (ആർ. റ്റി) നമ്പർ 2712/02/പൊതു വിദ്യാഭ്യാസം തീയതി 16.08.2002 പ്രകാരം തമിഴ് ഐ.റ്റി.ഇ കളിൽ ആകെയുള്ള സീറ്റുകളിൽ 10% (പത്ത് ശതമാനം) തമിഴ് നാട്ടിൽ നിന്നുള്ള ഹയർ സെക്കന്ററി പരീക്ഷ പാസ്സായ കുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു. കൂടാതെ 13.11.2003 ലെ ജി. ഒ (ആർ. റ്റി) നമ്പർ 4627/2003/ പൊതു വിദ്യാഭ്യാസം പ്രകാരം കേരളത്തിലെ അർഹരായ മുഴുവൻ കുട്ടികൾക്കും തമിഴ് ഐ.റ്റി.ഇ കളിൽ അഡ്മിഷൻ നൽകിയതിനുശേഷം ബാക്കി വരുന്ന സീറ്റുകളിലേക്ക് കൂടി തമിഴ് നാട്ടിൽ നിന്ന് +2 പാസ്സായ കുട്ടികൾക്ക് അഡ്മിഷൻ നൽകുന്നതാണ്.
15. സ്വാശ്രയ ഐ.റ്റി.ഇ കളിലെ മെരിറ്റ്/ മാനേജ്മെന്റ് സീറ്റുകളിൽ കേരളത്തിലെ അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും അഡ്മിഷൻ നൽകിയശേഷം ബാക്കി വരുന്ന സീറ്റുകളിൽ മറ്റു സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് അവരുടെ സംസ്ഥാനത്തെ താമസസ്ഥലത്തുള്ള നേറ്റിവിറ്റി സർട്ടിഫിക്കറ്റു പ്രകാരം അഡ്മിഷൻ നൽകുന്നതാണ് (സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1041/06 പൊ. വി, തീയതി. 08.03.2006).
16. ഓരോ സ്വാശ്രയ സ്ഥാപനങ്ങളിലും ആകെയുള്ള സീറ്റുകളിൽ 50 ശതമാനം മാനേജ്മെന്റ് ക്വാട്ടയിൽ യോഗ്യതയുടെ അടിസ്ഥാനത്തിൽ അതാത് മാനേജർമാർ പ്രവേശനം നൽകേണ്ടതാണ്. പ്രവേശനത്തിനുള്ള അർഹത നിശ്ചയിക്കുന്നത് താഴെ വിവരിച്ചിട്ടുള്ള മാനദണ്ഡം അനുസരിച്ചായിരിക്കും.

(എ) യോഗ്യത പരീക്ഷയ്ക്ക് ലഭിച്ച മാർക്ക് - 65 %

(ബി) ഇന്റർവ്യൂവിൽ ലഭിച്ച മാർക്ക് - 35 %

18. (എ) ഓരോ ജില്ലയിലും അപേക്ഷകരിൽ നിന്നും മെരിറ്റടിസ്ഥാനത്തിൽ സംവരണതത്വങ്ങൾക്ക് വിധേയമായി നിലവിലുള്ള സീറ്റിന്റെ എണ്ണത്തേക്കാൾ മൂന്നിരട്ടി പേരുടെ ലിസ്റ്റ് തയ്യാറാക്കി ഇന്റർവ്യൂ നടത്തി ക്വാട്ടയിലെ മുഴുവൻ സീറ്റുകളും നികത്തേണ്ടതാണ്.

ഒന്നാംഘട്ട അലോട്ടമെന്റ് കഴിയുന്ന ദിവസത്തിന്റെ അടുത്ത ദിവസം തന്നെ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ ലിസ്റ്റ് വിദ്യാഭ്യാസ ഉപഡയറക്ടറുടെ നോട്ടീസ് ബോർഡിൽ പതിക്കേണ്ടതും അതത് സ്ഥാപനങ്ങൾക്ക് നൽകേണ്ടതുമാണ്. ഒന്നാം ഘട്ട അലോട്ട്മെന്റ് കഴിഞ്ഞാൽ അടുത്ത അലോട്ട്മെന്റ് രണ്ടാഴ്ചക്കുള്ളിൽ തന്നെ നടത്തേണ്ടതാണ്.

(ബി) മെരിറ്റിന്റെ അടിസ്ഥാനത്തിൽ സംവരണതത്വങ്ങൾക്ക് വിധേയമായി വെയിറ്റിംഗ് ലിസ്റ്റ് ഉണ്ടാക്കുകയും ഓരോ കമ്മ്യൂണിറ്റിയിലും ഉൾപ്പെട്ടവരുടെ വെയിറ്റിംഗ് ലിസ്റ്റ് പ്രത്യേകം തയ്യാറാക്കേണ്ടതുമാണ്. ഓരോ കാറ്റഗറിയിലും മൂന്നിരട്ടി പേരുടെ ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. ലിസ്റ്റ് തയ്യാറാക്കുന്നതിന് നിലവിലുള്ള നടപടിക്രമം സ്വീകരിക്കേണ്ടതാണ്. കൂടിക്കാഴ്ചയ്ക്ക് ഹാജരാകാതെ വരുന്ന അപേക്ഷകർക്ക് പകരമായി ലിസ്റ്റിലെ അടുത്തയാളെ പരിഗണിക്കേണ്ടതും എല്ലാ സീറ്റുകളും അന്നേ ദിവസം തന്നെ നികത്തേണ്ടതുമാണ്. ( ഗവൺമെന്റ് ഉത്തരവ് നമ്പർ 2594/2000/ പൊ. വി. (ഡി) വകുപ്പ് തിരുവനന്തപുരം, തീയതി. 27.06.2000).

**<u>അപേക്ഷിക്കേണ്ടവിധം</u>**

1. എ. https://kbpe.kerala.gov.in/deled2026/ ഓൺലൈൻ മുഖേന ബി. അപേക്ഷാ ഫീസ് 100/- രൂപ

   സി. പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ അപേക്ഷാഫീസ് അടയ്ക്കേണ്ടതില്ല.

   **ഡി. അപേക്ഷ സമർപ്പിക്കേണ്ട തീയതി 06/06/2026 മുതൽ 15/06/2026 ന 5 pm വരെ**

2. മാനേജ്മെന്റ്ക്വാട്ടയിൽ തെരഞ്ഞെടുക്കപ്പെടുന്നതിന് അതാത് സ്ഥാപനത്തിന്റെ മാനേജർമാരുടെ പേരിലെടുത്ത 100/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം അതാത് മാനേജർമാർക്കു തന്നെ അപേക്ഷ നൽകേണ്ടതാണ്.
3. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെട്ട വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ആഫീസുമായി ബന്ധപ്പെടേണ്ടതാണ്.
4. ട്രയിനിംഗ് സ്കൂളുകളുടെ ലിസ്റ്റും മാതൃകാ അപേക്ഷാ ഫോറവും അനുബന്ധമായി ചേർത്തിട്ടുണ്ട്.
5. ഹയർസെക്കണ്ടറി പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെയും മറ്റ് രേഖകളുടെയും, സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

**<u>പ്രത്യേകം ശ്രദ്ധിക്കുക</u>**

1. തമിഴ് ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സിലേക്കുള്ള അപേക്ഷകർ പാലക്കാട്, ഇടുക്കി എന്നീ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും ഇംഗ്ലീഷ് മീഡിയത്തിലേക്കുള്ള അപേക്ഷകൾ തിരുവനന്തപുരം/ കൊല്ലം/മലപ്പുറം/കോഴിക്കോട്/കണ്ണൂർ എന്നീ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും അയയ്ക്കേണ്ടതാണ്.
2. മാനേജ്മെന്റ്ക്വാട്ടയിൽ തെരഞ്ഞെടുക്കപ്പെടുന്നതിന് ഈ നോട്ടിഫിക്കേഷനിൽ പറഞ്ഞിരിക്കുന്ന മാതൃകയിലുള്ള അപേക്ഷാഫോറം മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.
3. 5.02.2010 ലെ സർക്കാർ കത്ത് നമ്പർ 22694/ഡി3/09/പൊ. വി. താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി പുറപ്പെടുവിക്കുന്നു.

4. ഡി. എൽ. എഡ് പ്രവേശനത്തിന് നിശ്ചയിച്ചിട്ടുള്ള പ്രായവും യോഗ്യതയും സംബന്ധിച്ച് നിബന്ധനകളിൽ യാതൊരു ഇളവും അനുവദിക്കുന്നതല്ല. മാനേജ്മെന്റ് ക്വാട്ടയിലടക്കം പ്രവേശനത്തിന് ഇത് ബാധകമാണ്. നിബന്ധനകൾ പാലിക്കാതെ ഏതെങ്കിലും വിദ്യാർത്ഥിയ്ക്ക് പ്രവേശനം നൽകിയാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്വം ടി. ടി. ഐ പ്രിൻസിപ്പാളിനായിരിക്കും.
5. മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി വിദ്യാർത്ഥികൾക്ക് പ്രവേശനം നടത്തിയതായി കണ്ടെത്തുന്ന പ്രിൻസിപ്പൽമാരെ എസ്. സി. ഇ. ആർ. ടി യുടെ അംഗീകൃത പാനലിൽ നിന്നും ഒഴിവാക്കുന്നതും, അച്ചടക്ക നടപടി സ്വീകരിക്കുന്നതുമാണ്.
6. ഡി. എൽ. എഡ് പ്രവേശനം കഴിഞ്ഞ് ഒരു മാസത്തിനുള്ളിൽ ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർമാർ പരിശോധന നടത്തി യോഗ്യതയില്ലാത്ത വിദ്യാർത്ഥികളുടെ പ്രവേശനാനുമതി റദ്ദാക്കേണ്ടതാണ്. പ്രവേശനാനുമതി റദ്ദാക്കപ്പെട്ട വിദ്യാർത്ഥികളെ ഒരു കാരണവശാലും പഠനം തുടരാൻ അനുവദിക്കരുത്.
7. പ്രവേശനാനുമതി റദ്ദാക്കപ്പെടുന്ന വിദ്യാർത്ഥികളെ പഠനം തുടരാൻ അനുവദിക്കുന്ന പക്ഷം ബന്ധപ്പെട്ട ടി.ടി.ഐ യുടെ അംഗീകാരം പിൻവലിക്കാനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

Digitally signed by
Asif K Yusuf
Date: 07-06-2026
10:42:18

സ്വീകർത്താവ്

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
3. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറ്കടർ (ജനറൽ)/ പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറ്കടർ (അക്കാദമിക്)/പൊതുവിദ്യാഭ്യാസ ജോയിന്റ് ഡയറ്കടർ (അക്കാദമിക്)/ വിദ്യാഭ്യാസ ഉപഡയറ്കടർ (എംപ്ലോയ്മെന്റ്) – (സി. എ. മുഖേന).
5. കരുതൽ ഫയൽ.

## അനുബന്ധം –I

## 2026– 2028 വർഷത്തെ ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യൂക്കേഷൻ

## ( ഡി. എൽ.എഡ്. –D.EL Ed.) കോഴ്സിനുള്ള അപേക്ഷ (മാനേജ്മെന്റ് ക്വാട്ട)

1. പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന ജില്ല :
2. അപേക്ഷകന്റെ പൂർണ്ണമായപേരും മേൽവിലാസവും :
   (മലയാളത്തിലും ഇംഗ്ലീഷിലും)ഇ – മെയിൽ നമ്പരും
   മൊബൈൽ നമ്പരും ഉൾപ്പെടെ
3. ജനനതീയതി :
4. 01/07/2026 ൽ പൂർത്തിയാകുന്ന വയസ്സ് :
5. ആൺ/ പെൺ/ ഭിന്നലിംഗക്കാർ :
6. ജാതി / മതം :
7. അപേക്ഷകൻ പട്ടികജാതി / പട്ടികവർഗ്ഗം/ഒ.ബി.സി
   വിഭാഗത്തിൽ ഉൾപ്പെട്ടതാണോ (സ്വയം സാക്ഷ്യ :
   പ്പെടുത്തിയ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്)
8. അപേക്ഷകന്റെ മാതൃഭാഷ :
9. വിദ്യാഭ്യാസ യോഗ്യത
   (ഹയർസെക്കന്ററി / തത്തുല്യം)
   1. യോഗ്യത പരീക്ഷയുടെ പേര് & വിഷയം :
   2. രജിസ്റ്റർ നമ്പരും വിജയിച്ച വർഷവും:
   3. യോഗ്യതാ പരീക്ഷ
      വിജയിക്കാൻ എടുത്ത ചാൻസുകളുടെ എണ്ണം :
      ( സേ പരീക്ഷ ഉൾപ്പെടെ)
10. മറ്റ് വിദ്യാഭ്യാസ യോഗ്യത ഉണ്ടെങ്കിൽ
    ആയതിന്റെ വിവരം :
11. യോഗ്യതാ പരീക്ഷയ്ക്ക് (പ്ലസ് ടു / തത്തുല്യം :
    നേടിയ മാർക്ക് / ഗ്രേഡ്

| വിഷയങ്ങൾ | മാർക്ക് / ഗ്രേഡ് |
|---|---|
| | |
| ആകെ | |

12. മാർക്കിന്റെ ശതമാനം / ഗ്രേഡ് :

13. പരീക്ഷാബോർഡ് / യൂണിവേഴ്സിറ്റിയുടെ പേര് :

14. അപേക്ഷാ ഫീസ് സംബന്ധിച്ച വിവരങ്ങൾ
(ഡിമാന്റ് ഡ്രാഫ്റ്റ് നം., തീയതി, ബാങ്കിന്റെ പേര് :
എന്നിവ രേഖപ്പെടുത്തേണ്ടതാണ്).

15. ഉള്ളടക്കത്തിന്റെ ലിസ്റ്റ്.

<u>സത്യവാങ്മൂലം</u>

1. മുകളിൽ സൂചിപ്പിച്ചിരിക്കുന്ന വിവരങ്ങൾ പൂർണ്ണമായും സത്യസന്ധമാണെന്നും ആയത് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ സമർപ്പിച്ചിട്ടുണ്ട് എന്നും ഞാൻ സാക്ഷ്യപ്പെടുത്തുന്നു.
2. യോഗ്യതാ പരീക്ഷാ വിജയിക്കുന്നതിന് ( സേ പരീക്ഷ ഉൾപ്പെടെ) മൂന്ന് ചാൻസിൽ കൂടുതൽ എടുത്തിട്ടില്ല എന്നും ഞാൻ സാക്ഷ്യപ്പെടുത്തുന്നു.
3. പ്രസ്തുത കോഴ്സ് പഠിക്കുന്നതിനുവേണ്ടി ഈ അദ്ധ്യായന വർഷം മറ്റ് ഒരു ജില്ലയിലും അപേക്ഷ നൽകിയിട്ടില്ല എന്നും ഞാൻ സാക്ഷപ്പെടുത്തുന്നു.

സ്ഥലം :അപേക്ഷകന്റെ ഒപ്പ്
തീയതി :

| Annexure - II | | | |
|---|---|---|---|
| *LIST OF SELF FINANCE TEACHER TRAINING INSTITUTE* | | | |
| Notification No. M2/1305657/2023/DGE, Dated. 03/07/2023 | | | |
| **Sl. No.** | **Name of Institution** | **No. of Seats** | **Minority status Yes / No** |
| THIRUVANANTHAPURAM | | | |
| 1 | Kunju Krishnan Nadar<br>Memorial I.T.E, Kanjiramkulamp.o, Neyyattinkara, Thiruvananthapuram ( Malayalam & Tamil ) | 50 | No |
| 2 | Viswadarsini TTI, UriyacodeP.O, Thiruvananthapuram. ( Malayalam & English) | 50 & 50 | No |
| 3 | ThunchanSmaraka TTI, Airanimuttom, Manacaud P.O, Thiruvananthapuram ( Malayalam Medium 2 Batches). | 50 + 50 | No |
| 4 | PattomThanupillai Memorial TTI, Maruthoorkonam, Kottukal P.O, Balarampuram, Thiruvananthapuram ( Malayalam & English) | 50 & 50 | No |
| 5 | Quaide – A – Millath TTI, Kochukarokkakam, Daivappura P.O, Thiruvananthapuram | 50 | No |
| 6 | M. V. Teachers Training Institute, Chowara P.O, Chapath, Thiruvananthapuram | 50 | No |
| 7 | Rose Dale Teachers Training Institute, Rose Dale Public School Complex, Kallambalam, Thiruvananthapuram | 50 | No |
| 8 | Indian TTI, Kilimannor, Peroor. P.O, Thiruvananthapuram | 50 | Yes |

| | | | |
|---|---|---|---|
| 9 | Karunya TTI, Keezhkolla, Amaravila P.O, Neyyattinkara Thiruvananthapuram ( Malayalam 2 batch) | 50+50 | No |
| 10 | Victory TTI, Neyyattinkara, Olathani,Thiruvananthapuram. | 50 | No |
| 11 | Ezhuthachan TTI, Marayamuttom P.O, Neyyattinkara, Thiruvananthapuram ( Malayalam 2 batch). | 50+50 | No |
| 12 | CSI TTI,Chembur,Thiruvananthapuram | 50 | No |
| 13 | CSI TTI,Amaravila,Thiruvananthapuram | 50 | No |
| 14 | PushpaGeeth School of Teachers Education, TTI, Kottoor P.O, Kattakada,Thiruvananthapuram | 50 | No |
| 15 | IFER T.T.I Keezharoor, Neyyattinkara, Thiruvananthapuram. | 50 | No |
| 16 | BNV TTI,Thiruvallam, Thiruvananthapuram | 50 | No |
| 17 | Cresent TTI Peringammala, Thiruvananthapuram | 50 | No |
| KOLLAM | | | |
| 18 | Fathima Memorial TTI, Manacaud, Vadakkevila. P. O, Kollam | 50 | No |
| 19 | Abdul Salam Teacher's Training Institute, Near KaricodeSarathy Junction, Meikond, Chandanathope P.O, Kollam – 14 | 50 | No |
| 20 | MiladeSherif Memorial TTI, Chandanathope P.O, Chathinamkulam, Kollam | 50 | No |
| 21 | Seethi Sahib Memorial T.T.I, Arkanoor P.O, Ayur, Kollam | 50 | No |
| 22 | Kasthorba Gandhi T.T.I Mathilil, Kadavur, Perinad P.O, | 50 | No |

| | | | |
|---|---|---|---|
| | Kollam | | |
| 23 | CulamudiyilNeelakandan Nair Memorial TTI, Pavithreswaram P.O, VilPuthor, Kottarakkara, Kollam | 50 | No |
| 24 | Badhiriya Teachers Training Institute, Nedumpana, Kundumon, Velichikal P.O, Kollam | 50 | No |
| 25 | C.H. Memorial Teachers Training Institute, ISEDNL Complex & C.H. Society, S.V. Market P.O, Karunagappally, Kollam | 50 | Yes |
| 26 | R. B. M. Teacher Training Institute, Punalur, Pathanapuram, Kollam | 50 | No |
| 27 | Sri. Vidhyadhiraja Model Teacher Training Institute, Vendar P. O, Kottarakkara, Kollam ( Malayalam 2 batch) | 50 + 50 | No |
| 28 | APRM Teachers Training Institute, Chithara P. O, Kadakkal, Kollam | 50 | NO |
| 29 | NGPM Teachers Training Institute, Venchempu, Punalur, Kollam | 50 | No |
| 30 | Devivilasam Teachers Training Institute, Thalavoor, Kollam | 50 | No |
| 31 | Ramavilasom TTI, Valakom P.O, Kottarakkara, Kollam | 50 | No |
| 32 | S.V. TTI, Kalayapuram (Via), Kottarakkara, Kollam | 50 | No |
| 33 | National TTI, Kuttikonam, Kunnikode P.O, Kollam | 50 | No |
| 34 | St. Tresas, TTI, Mulavana, Kollam | 50 | No |
| 35 | HaneefaKunju Memorial, TTI, Umayanallor, Kollam | 50 | No |
| 36 | Manjappara Educational andCharitable Trust TTI Ayur, Kollam | 50 | No |

| | | | |
|---|---|---|---|
| 37 | P K J M TTI Mulavana, Kollam | 50 | No |
| | <u>ALAPPUZHA</u> | | |
| 38 | Budha School of Elementary TTI, Muthukulam, Alappuzha | 50 | No |
| | <u>KOTTAYAM</u> | | |
| 39 | SreeMahadeva TTI, Aiyerkulangara, Thekkenada P.O, Vaikom, Pin – 686 142 | 50 | No |
| 40 | St. Thomas College of Teachers Education TTI Pala, Kottayam | 50 | No |
| | <u>IDUKKI</u> | | |
| 41 | Al – Azhar TTI, K.K. R. Junction, Thodupuzha, ( Malayalam & Tamil ) | 50 & 50 | Yes |
| | <u>ERNAKULAM</u> | | |
| 42 | HM Training Schools, Randarkara, Muvattupuzha, Ernakulam. | 50 | No |
| 43 | St. Joseph’s Training College for Women, Kovilvattom Road, Ernakulam | 50 | No |
| 44 | MES TTI, North Edathala, Ernakulam. | 50 | No |
| 45 | SDPYS TTI, Palluruthy, Ernakulam | 50 | No |
| 46 | National TTI Vengola, Ernakulam | 50 | No |
| 47 | Indira Gandhi TTI KothamangalamErnakulam | 50 | No |
| | <u>THRISSUR</u> | | |
| 48 | Mar Osthatheos TTI, Perumbilavu, Thrissur | 50 | No |
| 49 | St. Joseph’s TTI, Kuriachira, Thrissur | 50 | Yes |

| | | | |
|---|---|---|---|
| 50 | SNS Samajam TTI, Edamattam | 50 | No |
| 51 | St. Joseph TTI, Pavaritti, Thrissur | 50 | No |
| PALAKKAD | | | |
| 52 | Mariyamma Memorial (Karuna) Teacher Training Institute, Praphapuram, Mennengode P.O, Pattambi, palakkad | 50 | No |
| 53 | Sneha College of TTI, Muthalamada, Govindapuram P.O, Palakkad ( Malayalam& Tamil). (80 Mal + 20 Tamil) | 80 & 20 | No |
| 54 | Ideal Educational Institute of Teacher Training, Ideal Education & Charitable Trust, Cherpulassery P. O, Palakkad ( Malayalam Medium 2 batches) | 50 & 50 | Yes |
| 55 | SreeNarayana Teacher Training Institute, Kottappuram P. O, Sreekrishnapuram, Palakkad | 50 | No |
| 56 | Mannampatta Teacher Training Institute, Mammampatta ( Via), Sreekrishnapuram, Palakkad | 50 | No |
| 57 | Teacher Training Institute, Nenmara P. O, Palakkad ( Malayalam & Tamil) | 50 & 50 | No |
| 58 | Gurds TTI, Kallamcode, Nenment P. O, Palakkad | 50 | No |
| 59 | K.B.T.T.I, Vadakkanchery, Palakkad | 50 | No |
| 60 | Daya T.T.I, Athocode, Appuppillayor, Erattakulam p. O, Palakkad. 678622 ( Malayalam Medium 2 batches). | 50 + 50 | No |
| MALAPPURAM | | | |
| 61 | M.C.T Teacher Training Institute, Melmuri P. O, Malappuram 676514 ( Malayalam 2 batches) | 50 +50 | Yes |
| 62 | Melmuri Muslim Educational Institute of Teacher | 50 +50 | No |

| | | | |
|---|---|---|---|
| | Training, Melmuri P. O, Malappuram 676514 (Malayalam 2 batches) | | |
| 63 | Sree Vivekananda PadanaKendram TTI, Palemad, Malappuram 679333 ( Malayalam 2 batches) | 50 +50 | No |
| 64 | Fazfari Teachers Training Institute, MAFM Orphanage and Arabic College, Padinhattummuri P. O, Malappuram 676506 ( Malayam 2 batches). | 50 +50 | No |
| 65 | Markaz Teachers Training Institutes, Athavanad, Karthala P. O, Malappuram 676310 | 50 | No |
| 66 | JTI Teacher Training Institute, M. M. K Building, Malappuram 676101 | 50 | No |
| 67 | JawaharBharathi Educational & Charitable Trust, ( Malayalam & English) Nettikulam, Uppada P. O, Malappuram 679333 | 50 +50 | No |
| 68 | JaminaNadwiya TTI, Edavanna P. O, Malappuram | 50 | No |
| 69 | Farook Educational Society, Changuvetty P. O, Parappur, Kottakkal, Malappuram | 50 | Yes |
| 70 | DarulUloom Teachers Training Institute, Thootha P.O, Malappuram – 679357 | 50 | Yes |
| 71 | JamiyaSalafiya Teacher Training College, Pulikkal. P. O, Malappuram 676541 | 50 | No |
| 72 | TTKM Teacher Training Institute, Thekkekulamba, Parappur P. O, Malappuram – 676503 ( Malayalam 2 Batches) | 50 +50 | No |
| 73 | Hayathul Islam Orphanage TTI, Olavattur, Malappuram ( Malayalam 2 Batches) | 50 +50 | Yes |
| 74 | Beeran Haji Memorial TTI, Kannamangalam, | 50 | No |

| | | | |
|---|---|---|---|
| | Malappuram 676304 | | |
| 75 | Sidheeqyiya Teacher Training Institute, Anakkayam, Malappuram 676509 | 50 | No |
| 76 | DevakiAmma Memorial TTI, Chelambra, Malappuram 673634 | 50 | No |
| 77 | Moulana college of Teacher Education TTI Koottayi, Malappuram | 50 | No |
| 78 | Sulla Musalam TTI, Areacode, Malappuram | 50 | Yes |
| 79 | Bafakhyyatheem Khanna TTI, Kalpakachery, Malappuram | 50 | Yes |
| 80 | Mankada Orphanage TTI, Mankada, Malappuram | 50 | No |
| 81 | MajlisuTha – AleemilIslamiya TTI MajlisngarVengadMalappuram | 50 | Yes |
| KOZHIKODE | | | |
| 82 | Calicut Orphanage Teacher Training Institute, Calicut Islamic Cultural Society, sneha Nagar, Kolathara P. O, Calicut. (Malayaam& English) | 50 | No |
| 83 | Koduvally Muslim Orphanage TTI, Koduvally P. O, Kozhikode 673572 | 50 | Yes |
| 84 | KMCT Teacher Training Institute, Chathamangalam P. O, Kozhikode | 50 | No |
| 85 | DarulHunda Teacher Training Institute, Vanimal P. O, Kallachi, Kozhokode | 50 | No |
| 86 | Seethi Sahib Charitable Trust Kodiyathoor, Kozhikode ( Malayalam & English) | 50 & 50 | Yes |

| | | | |
|---|---|---|---|
| 87 | MeppayurSalafi  Teacher Institute, Meppayur . P. O, Kozhikode | 50 | Yes |
| 88 | D.H. M.T.T.I PalayadNad P. O., Kozhikode | 50 | No |
| 89 | A.W.H.T.T.I Kallai, Kozhikode | 50 | No |
| 90 | Farook Institute of Teacher Education, Farook College P. O, Kozhikode | 50 | Yes |
| | WAYANAD | | |
| 91 | Valumel TTI, Meenakshy Charitable Trust, Sulthanbathery P. O, Moolakav, Wayanad ( Malayalam 2 Batches) | 50 +50 | No |
| 92 | St. Geroge Teacher Training Institute, Pulopally, Sulthanbathery, waynad  ( Malayalam 2 Batches) | 50 +50 | Yes |
| 93 | C. K. Raghavan Memorial TTI, Pulpally, Wayanad | 50 | No |
| 94 | Mar Baselious College of Teachers Education TTI, Sulthanbathery, Wayanad | 50 | Yes |
| | KANNUR | | |
| 95 | Malabar Teacher Training Institute, Chakarakkal, Mowancherry P. O, Kannur ( Malayalam 2 Batches) | 50 +50 | No |
| 96 | Peringathur Teacher Training Institute, DarsYatheemkhana, Peringathur P. O, Kannur | 50 | No |
| 97 | Unity Teacher Training Institute, C.H. Memorial Educational and Charitable Trust, | 50 & 50 | No |
| 98 | Mayyil Teacher Training Institute, Hira Charitable Trust, Mayyil, Kannur | 50 | No |
| 99 | Malanadu Educational and Charitable Trust, Thaliparampa, Kannur | 50 | No |

| | | | |
|---|---|---|---|
| KASARAGOD | | | |
| 100 | Thanbeehul Islam TTC, T.I.H.S.S. Campus, Naimaramoola, Vidhyanagar P. O, Kasaragod | 50 +50 | Yes |
| Affliated T.T. I | | | |
| 101 | SreeNarayana TTI, Mahee. Pondicherry | 50 | Yes |

| അനുബന്ധം – III | |
|---|---|
| 1 | വിദ്യാഭ്യാസ ഉപഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടാഫീസ്, പത്മവിലാസം റോഡ്, ഫോർട്ട്.പി.ഒ, തിരുവനന്തപുരം – 695 023, ഫോൺ – 0471-2472302 |
| 2 | വിദ്യാഭ്യാസ ഉപഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടാഫീസ്, തേവള്ളി.പി.ഒ., കൊല്ലം – 691 009, ഫോൺ – 0474-2792957 |
| 3 | വിദ്യാഭ്യാസ ഉപഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടാഫീസ്, തിരുവല്ല, പത്തനംതിട്ട – 689 101, ഫോൺ – 04692 –600181 |
| 4 | വിദ്യാഭ്യാസ ഉപഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടാഫീസ്, സിവിൽ സ്റ്റേഷന് സമീപം, ഹെഡ് പോസ്റ്റ് ആഫീസ് (പി.ഒ), ആലപ്പുഴ – 688 001, ഫോൺ – 0477-2252908 |
| 5 | വിദ്യാഭ്യാസ ഉപഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടാഫീസ്, വൈസ്കരക്കുന്ന് (പി.ഒ), കോട്ടയം – 686 001, ഫോൺ –0481-2583095 |
| 6 | വിദ്യാഭ്യാസ ഉപഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടാഫീസ്, തൊടുപുഴ, ഇടുക്കി – 685 584, ഫോൺ – 04862-222996 |
| 7 | വിദ്യാഭ്യാസ ഉപഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടാഫീസ്, സിവിൽ സ്റ്റേഷൻ, കാക്കനാട്, എറണാകുളം –30, ഫോൺ – 0484-2422210 |
| 8 | വിദ്യാഭ്യാസ ഉപഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടാഫീസ്, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശ്ശൂർ – 680 003, ഫോൺ 0487 – 2360810 |
| 9 | വിദ്യാഭ്യാസ ഉപഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടാഫീസ്, സിവിൽ സ്റ്റേഷൻ, പാലക്കാട് – 678 001 ഫോൺ – 0491-2505469 |
| 10 | വിദ്യാഭ്യാസ ഉപഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടാഫീസ്, കോട്ടപ്പടി, മലപ്പുറം – 676 519, ഫോൺ – 0495-2734888 |
| 11 | വിദ്യാഭ്യാസ ഉപഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടാഫീസ്, മാനാഞ്ചിറ, കോഴിക്കോട് – 673 001, ഫോൺ–0495-2722297 |
| 12 | വിദ്യാഭ്യാസ ഉപഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടാഫീസ്, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത് (പി.ഒ),വയനാട് – 673 122, ഫോൺ– 04936-202593 |
| 13 | വിദ്യാഭ്യാസ ഉപഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടാഫീസ്, കണ്ണൂർ (പി.ഒ), കണ്ണൂർ – 670 002 ഫോൺ 0497-2705149 |
| 14 | വിദ്യാഭ്യാസ ഉപഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടറാഫീസ്, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ(പി.ഒ), കാസർഗോഡ് – 671 123, ഫോൺ 04994-255033 |